**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

| | |
|---|---|
| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3440** | **08.11.2019-ൽ മറുപടിയ്ക്ക്** |
| **കൊടുവള്ളി മുനിസിപ്പാലിറ്റി ബസ് സ്റ്റാന്റ് കം ഓഫീസ് കോംപ്ലക്സ്** | |
| **ചോദ്യം** | **ഉത്തരം** |
| **ശ്രീ.പി.ടി.എ. റഹീം** | **എ.സി.മൊയ്തീൻ**<br>**തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി** |

| | | | |
|---|---|---|---|
| (എ) | കൊടുവള്ളി മുനിസിപ്പാലിറ്റി ബസ് സ്റ്റാന്റ് കം ഓഫീസ് കോംപ്ലക്സ് നിർമ്മാണത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം ലഭ്യമാക്കാൻ ഏതെങ്കിലും പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 22,20,00,000/-രൂപയുടെ ഡി.പി.ആർ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | ആയത് സംബന്ധിച്ച് ഭരണസമിതി തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ട്. നഗരസഭാ ഓഫീസ് കെട്ടിടം പൊളിഞ്ഞു വീഴാറായെന്നും അറ്റകുറ്റപ്പണികൾ നടത്താൻ പറ്റാത്ത അവസ്ഥയാണെന്നും പല സമയങ്ങളിലായി ബസ്സ് സ്റ്റാന്റിലേയ്ക്കും മറ്റും സ്ലാബിന്റെ ഭാഗങ്ങൾ അടർന്നു വീഴാൻ ഇടയുണ്ടെന്നും മുനിസിപ്പൽ എഞ്ചിനീയറും ഗവ.എഞ്ചിനീയറിംഗ് കോളേജിലെ വിദഗ്ദ്ധ സംഘവും റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ അടിയന്തിരമായി ടി കെട്ടിടം പൊളിച്ചു നീക്കുന്നതിനും പുനർനിർമ്മിക്കുന്നതിനുമായി കിഫ്ബി ഫോർമാറ്റ് അനുസരിച്ച് ഡി.പി.ആർ തയ്യാറാക്കുന്നതിനും ആയത് ടെണ്ടർ ചെയ്യുന്നതിനും തീരുമാനിച്ചു. |
| (സി) | കിഫ്ബിയിൽ നിന്നോ സർക്കാരിന്റെ മറ്റേതെങ്കിലും ഏജൻസിയിൽ നിന്നോ ഇതുസംബന്ധമായ പരിശോധനകൾക്കായി പ്രൊപ്പോസ് ചെയ്ത സൈറ്റ് സന്ദർശിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ